# റിട്ടേൺ എന്ന പദത്തിന്റെ സ്മൃതിയിലൂടെ സമാനമാകൂ, റിട്ടേൺജർണി(മടക്കയാത്ര)യുടെ സ്മൃതി സ്വരൂപരാകൂ.

ഇന്ന് ബാപ്ദാദ തന്റെ നാനാ ഭാഗത്തുമുള്ള ഹൃദയസിംഹാസനധാരിയും ഭൃഗുഡി സിംഹാസനധാരിയും, വിശ്വരാജ്യ സിംഹാസനധാരി, സ്വരാജ്യഅധികാരി കുട്ടികളെക്കണ്ട് സന്തോഷിച്ചുകൊണ്ടിരിക്കുകയാണ്. പരമാത്മാവിന്റെ ഹൃദയസിംഹാസനം മുഴുവൻ കല്പത്തിലും ഇപ്പോൾ താങ്കൾ സിക്കീലധേ ഓമന കുട്ടികൾക്കാണ് പ്രാപ്തമാകുന്നത്. ഭൃഗുഡി സിംഹാസനം സർവ്വാത്മാക്കൾക്കുമുണ്ട്. എന്നാൽ പരമാത്മ ഹൃദയസിംഹാസനം ബ്രാഹ്മണാത്മാക്കൾക്കല്ലാതെ മറ്റാർക്കും തന്നെ പ്രാപ്തമല്ല. ഈ ഹൃദയ സിംഹാസനം തന്നെയാണ് വിശ്വരാജ്യ സിംഹാസനം നൽകുന്നത്. വർത്തമാന സമയം സ്വരാജ്യ അധികാരിയായും മാറി. ഓരോ ബ്രാഹ്മണാത്മാവിനും സ്വരാജ്യം തന്റെ കഴുത്തിലെ മാലയാണ്. സ്വരാജ്യം തന്റെ ജന്മസിദ്ധ അധികാരമാണ്. ഇതുപോലെ സ്വയത്തെ സ്വരാജ്യ അധികാരിയാണെന്ന് അനുഭവം ചെയ്യുന്നുണ്ടോ? നമ്മുടെ ഈ ജന്മസിദ്ധ അധികാരത്തെ ആരാലും തട്ടിയെടുക്കാൻ സാധിക്കില്ല എന്ന ദൃഢ സങ്കല്പം ഹൃദയത്തിലുണ്ടോ... ഈയൊരു ആത്മീയ ലഹരിയും അതിനൊപ്പമുണ്ടാവണം, നമ്മൾ പരമാത്മാവിന്റെ ഹൃദയസിംഹാസനധാരികളാണ്. മനുഷ്യ ജീവിതത്തിൽ, ശരീരത്തിൽ വിശേഷിച്ചും ഹൃദയത്തിനാണ് മഹത്വമുള്ളത്. ഹൃദയം നിന്നു പോയാൽ ജീവിതം സമാപ്തമായി. അതുപോലെ ആത്മീയ ജീവിതത്തിലും ഹൃദയ സിംഹാസനത്തിനാണ് വളരെ മഹത്വമുള്ളത്. ആരാണോ ഹൃദയ സിംഹാസനധാരികൾ അവർക്കാണ് വിശ്വത്തിൽ വിശേഷാത്മാക്കളായി മഹിമയുള്ളത്. അതേ ആത്മാക്കളെ തന്നെയാണ് ഭക്തിയിൽ മാലയിലെ മണികളായി സ്മരിക്കുന്നത്. അങ്ങനെയുള്ളവർ കോടിയിൽ ചിലർ അതിലും ചിലരായി പാടപ്പെടുന്നു. അപ്പോൾ അവർ ആരാണ്? താങ്കളല്ലേ? പാണ്ഡവരും, മാതാക്കളുമുണ്ടല്ലോ.. (കൈകൾ വീശുന്നു). അപ്പോൾ ബാബ പറയുന്നു - ഓമന സന്താനങ്ങളേ, ഇടയ്ക്കിടെ ഹൃദയ സിംഹാസനം ഉപേക്ഷിച്ച് ദേഹമാകുന്ന മണ്ണിലേക്ക് എന്തിനാണ് ഹൃദയത്തിന്റെ പ്രീതിയുണ്ടാകുന്നത്. ദേഹം മണ്ണാണ്. വാത്സല്യ നിധികളായ കുട്ടികൾ ഒരിക്കലും മണ്ണിൽ കാലുകൾ വെക്കുകയില്ല. അവർ സദാ സിംഹാസനത്തിൽ ഇരിക്കുന്നു, അല്ലെങ്കിൽ മടിത്തട്ടിൽ അഥവാ അതീന്ദ്രിയ സുഖത്തിന്റെ ഊഞ്ഞാലിൽ ആടുന്നു. താങ്കൾക്കായി ബാപ്ദാദ ഭിന്ന-ഭിന്ന ഊഞ്ഞാലുകൾ നൽകിയിട്ടുണ്ട്. ഇടയ്ക്ക് സുഖത്തിന്റെ ഊഞ്ഞാലിൽ ആടൂ, ഇടയ്ക്ക് സന്തോഷത്തിന്റെ, ഇടയ്ക്ക് ആനന്ദത്തിന്റെ ഊഞ്ഞാലിൽ ആടൂ.

അപ്പോൾ ബാപ്ദാദ ഇങ്ങനെയുള്ള ശ്രേഷ്ഠരായ കുട്ടികളെ കാണുകയായിരുന്നു, എത്ര ലഹരിയോടെയാണ് ഊഞ്ഞാലുകളിൽ ആടിക്കൊണ്ടിരിക്കുന്നത്. ആടുന്നുണ്ടോ? മണ്ണിലേക്ക് പോകുന്നുണ്ടോ? ഇടയ്ക്കിടെ മണ്ണിലേക്ക് കാലുകൾ വെക്കാൻ തോന്നുന്നുണ്ടോ? എന്തുകൊണ്ടെന്നാൽ 63 ജന്മങ്ങൾ മണ്ണിൽ തന്നെയാണ് കാൽ വെച്ചിരുന്നത്, മണ്ണിൽ തന്നെയാണ് കളിച്ചിരുന്നത്. ഇനി മണ്ണിൽ കളിക്കില്ലല്ലോ? ഇടയ്ക്ക് മണ്ണിലേക്ക് കാലുകൾ പോകുന്നുണ്ടോ, ഇല്ലയോ? ഇടയ്ക്കിടെ പോകുന്നുണ്ട്. ദേഹഭാരത്തെ തന്നെയാണ് മണ്ണിൽ കാലുകൾ വെക്കുക എന്നു പറയുന്നത്. ദേഹാഭിമാനവും വളരെ ആഴമേറിയ മണ്ണ് തന്നെയാണ്, എന്നാൽ ദേഹബോധവും മണ്ണ് തന്നെയാണ്. എത്രത്തോളം ഈ സംഗമ സമയം ഏറ്റവും കൂടുതൽ സിംഹാസനധാരിയാകുന്നുവോ, അത്രത്തോളം അരക്കല്പം സൂര്യവംശ രാജധാനിയിലും പിന്നീട് ചന്ദ്രവംശത്തിലും സൂവംശി രാജകുലത്തിൽ ജന്മമെടുക്കുന്നു. അഥവാ ഇപ്പോൾ സംഗമത്തിൽ വളരെ കുറച്ച് സമയം മാത്രമാണ് സിംഹാസനധാരിയാകുന്നതെങ്കിൽ, സൂര്യവംശത്തിലെ രാജകീയ കുലത്തിലും വളരെ കുറച്ചു സമയത്തേക്ക് മാത്രമേ വരൂ. സിംഹാസനത്തിൽ സ്ഥാനം ലഭിക്കാനുള്ള അവസരം ഓരോരുത്തർക്കായിരിക്കാം, എന്നാൽ റോയൽ പരിവാരത്തിലുള്ളവർ, രാജകീയ കുലത്തിലുള്ളവരുമായി സംബന്ധത്തിലേക്ക് വരും. അപ്പോൾ പരിശോധിക്കൂ, സംഗമയുഗത്തിൽ ആദി മുതൽ ഇപ്പോൾ വരെയും അത് 10 വർഷമായാലും, 50 വർഷമായാലും, 66 വർഷമയാലും എപ്പോൾ മുതൽക്ക് ബ്രാഹ്മണനായോ, ആദി മുതൽ ഇപ്പോൾ വരെ എത്ര സമയത്തേക്ക് സ്വരാജ്യാധികാരി, സിംഹാസനധാരിയായി സ്ഥിതി ചെയ്തു? വളരെയധികം സമയത്തേക്കുണ്ടായിരുന്നോ? നിരന്തരമായിരുന്നോ, അതോ ഇടയ്ക്കിടെ മാത്രമായിരുന്നുവോ? ആരാണോ പരമാത്മാ ഹൃദയസിംഹാസനധാരികൾ, അവരുടെ അടയാളമാണ് - പ്രത്യക്ഷത്തിൽ മുഖത്തിലും പെരുമാറ്റത്തിലും നിശ്ചിന്ത ചക്രവർത്തി. സ്ഥൂല ഭാരം ശിരസ്സിലായിരിക്കും, എന്നാൽ സൂക്ഷ്മ ഭാരം മനസ്സിലായിരിക്കുമുണ്ടാകുക. ഇവർക്ക് മനസ്സിൽ പോലും ഭാരം ഉണ്ടായിരിക്കില്ല. ചിന്തയാണ് ഭാരം, നിശ്ചിന്തമായവർ അർത്ഥം ഡബിൾ ലൈറ്റ്. അഥവാ ഏതെങ്കിലും പ്രകാരത്തിലുള്ള ചിന്ത, അത് സേവനത്തിന്റെയോ, സംബന്ധ സമ്പർക്കത്തെ പ്രതിയോ, സ്ഥൂല സേവനത്തിന്റെയോ, ആത്മീയ സേവനത്തിന്റെയോ ഭാരം പാടില്ല. എന്തു സംഭവിക്കും, എങ്ങനെ സംഭവിക്കും,

സഫലതയുണ്ടാകുമോ ഇലിലയോ? ചിന്തിക്കുന്നതും പ്ലാനുകൾ തയ്യാറാക്കുന്നതും വേറെ, എന്നാൽ ഭാരമുണ്ടാകരുത്. ഭാരമുള്ളവരുടെ അടയാളമാണ് സദാ മുഖത്തിൽ ക്ഷീണത്തിന്റെ അടയാളം കുറച്ചോ കൂടുതലോ ഉണ്ടായിരിക്കും. ക്ഷീണമുണ്ടാകുക എന്നുള്ളത് ഒരു കാര്യം, എന്നാൽ ക്ഷീണത്തിന്റെ ചിഹ്നം മുഖത്ത് കാണപ്പെടരുത്. ഇതും ഭാരമുള്ളതിന്റെ അടയാളമാണ്. നിശ്ചിന്ത ചക്രവർത്തി എന്നതിന്റെ അർത്ഥം അലസരായിരിക്കുക എന്നല്ല, അലസമായിരുന്നുകൊണ്ട് പറയും ഞങ്ങൾ നിശ്ചിന്തമാണെന്ന്. അലസത വളരെയധികം ചതിക്കുന്നതാണ്. തീവ്ര പുരുഷാർത്ഥത്തിന്റെ വാക്കും അലസമായിരിക്കുന്നതിന്റെ വാക്കും ഒന്നു തന്നെയാണ്. തീവ്ര പുരുഷാർത്ഥികൾക്ക് സദാ ദൃഢ നിശ്ചയമുള്ളതിനാൽ ഇതാണ് ചിന്തിക്കുന്നത്, ഓരോ കാര്യവും ധൈര്യത്തോടെയും ബാബയുടെ സഹായത്തോടെയും സഫലമായിക്കഴിഞ്ഞു. അലസമായിരിക്കുന്നവരുടെയും വാക്കുകൾ ഇതാണ് എല്ലാം സംഭവിച്ചോളും, നടന്നോളും, സംഭവിച്ചതു തന്നെയാണല്ലോ... എന്തെങ്കിലും കാര്യം സംഭവിക്കാതിരുന്നിട്ടുണ്ടോ.. എല്ലാം സംഭവിച്ചോളും. അപ്പോൾ വാക്കുകൾ ഒന്നു തന്നെയാണ്, എന്നാൽ രൂപം വ്യത്യസ്തമാണ്.

വർത്തമാന സമയത്ത് മായ വിശേഷിച്ചും രണ്ടു രൂപങ്ങളിലാണ് കുട്ടികളിൽ നിന്നും പേപ്പർ എടുക്കുന്നത്. ഒന്ന് വ്യർത്ഥ സങ്കൽപ്പം വികല്പമല്ല, വ്യർത്ഥ സങ്കല്പം. രണ്ടാമത്, ഞാൻ തന്നെയാണ് ശരി. ഞാൻ എന്ത് ചെയ്തോ, എന്ത് ചിന്തിച്ചോ, എന്ത് പറഞ്ഞോ അത് തന്നെയാണ് ശരി. ഞാൻ ഒട്ടും കുറവല്ല, ഞാനാണ് ശരി. ബാപ്ദാദ സമയത്തിനനുസരിച്ച് ഇപ്പോൾ ഇതാണ് ആഗ്രഹിക്കുന്നത്, സദാ ഈയൊരു വാക്ക് സ്മൃതിയിൽ വെക്കൂ – ബാബയിൽ നിന്നും ലഭിച്ച സർവ്വ പ്രാപ്തികളുടെയും സ്നേഹത്തിന്റെയും സഹയോഗത്തിന്റെയും റിട്ടേൺ ചെയ്യണം. റിട്ടേൺ ചെയ്യണം അർത്ഥം സമാനമാകണം. രണ്ടാമത് ഇപ്പോൾ നമ്മുടെ റിട്ടേൺ ജർണി(മടക്കയാത്രയാണ്). ഈയൊരു റിട്ടേൺ എന്ന വാക്ക് സദാ സ്മൃതിയിൽ ഉണ്ടായിരിക്കണം. ഇതിനായി വളരെ സഹജമായ ഉപായമാണ്, ഓരോ സങ്കല്പവും വാക്കും കർമ്മവും ബ്രഹ്മാബാബയുമായി ടാലി(തുലനം) ചെയ്യൂ. ബാബയുടെ സങ്കല്പം എന്തായിരുന്നു? ബാബയുടെ വാക്കുകൾ എങ്ങനെയായിരുന്നു. ബാബയുടെ കർമ്മം എങ്ങനെയായിരുന്നു. ഇതിനെയാണ് ഫോളോ ഫാദർ എന്ന് പറയുന്നത്. ഫോളോ ചെയ്യാൻ എളുപ്പമല്ലേ. പുതിയത് ചിന്തിക്കാനും, പുതിയത് ചെയ്യേണ്ടതായുമുള്ള ആവശ്യമില്ല. എന്താണോ അച്ഛൻ ചെയ്തത് അത് പിൻതുടർന്നാൽ മാത്രം മതി. സഹജമല്ലേ!

ടീച്ചർമാർ കൈകൾ ഉയർത്തൂ. ഫോളോ ചെയ്യുക എന്നത് സഹജമാണോ ബുദ്ധിമുട്ടാണോ? സഹജമല്ലേ.. ആദ്യം പരിശോധിക്കൂ, ഇങ്ങനെയൊരു ചൊല്ലുണ്ടല്ലോ, ചിന്തിച്ചതിനുശേഷം ചെയ്യൂ, ആദ്യം അളന്നിട്ടു പറയൂ. അപ്പോൾ എല്ലാ ടീച്ചേഴ്സും ഈ വർഷത്തിൽ, ഇപ്പോൾ ഈ വർഷത്തിന്റെ അവസാന മാസമാണ്. പഴയതിന് വിട, പുതിയത് സ്വീകരിക്കാം. പുതിയത് സ്വീകരിക്കുന്നതിനു മുമ്പ് എന്ത് ചെയ്യണം. അതിനായി തയ്യാറെടുപ്പ് നടത്തൂ. ഈ സങ്കല്പം ചെയ്യൂ, ബാബയുടെ ചുവടിന്മേൽ ചുവടുകൾ വെക്കാതെ മറ്റൊരു ചുവട് വെക്കില്ല. ചുവടിന്മേൽ ചുവടുകൾ വെക്കാൻ എളുപ്പമല്ലേ. അപ്പോൾ പുതുവർഷത്തിനായി ഇപ്പോൾ മുതൽക്കു തന്നെ സങ്കല്പത്താൽ പ്ലാനുകൾ ഉണ്ടാക്കൂ. എങ്ങനെ ബ്രഹ്മാബാബ സദാ നിമിത്തവും വിനയചിത്തുമായിരുന്നുവോ, അതുപോലെ നിമിത്ത ഭാവവും വിനയഭാവവും. കേവലം നിമിത്ത ഭാവമല്ല. നിമിത്തഭാവത്തോടൊപ്പം വിനയഭാവം. രണ്ടും ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ ടീച്ചേഴ്സ് നിമിത്തമല്ലേ. അപ്പോൾ സങ്കല്പത്തിലും വാക്കിലും, മറ്റുള്ളവരുമായുള്ള സംബന്ധ സമ്പർക്കത്തിലും കർമ്മത്തിലും വാക്കിലും വിനയം. വിനയമുള്ളവർക്കു മാത്രമാണ് നിമിത്ത ഭാവത്തിലിരിക്കുവാൻ സാധിക്കൂ. ആർക്കാണോ വിനയമില്ലാത്തത്, അവരിൽ വളരെ സൂക്ഷ്മത്തിൽ വലിയ രീതിയിലുള്ള അഹങ്കാരമില്ലെങ്കിലും കുറച്ച് അഭിമാനമുണ്ടാകും. വിനയമുള്ളവരുടെ വാക്കുകൾ സദാ നിർമ്മല ഭാഷിയും മധുര ഭാഷിയുമായിരിക്കും. സംബന്ധസമ്പർക്കത്തിൽ സദാ ആത്മ സ്വരൂപത്തിന്റെ സ്മൃതിയുണ്ടെങ്കിൽ സദാ നിരാകാരിയും നിരഹങ്കാരിയുമായിരിക്കുന്നു. ബ്രഹ്മാബാബയുടെ അവസാന സമയങ്ങളിലെ വാക്കുകൾ ഓർമ്മയിലുണ്ടോ? നിരാകാരി, നിർവ്വികാരി, നിരഹങ്കാരി. ശരി. അച്ഛനെ അനുകരിക്കൂ, ഇത് പക്കാ അല്ലേ.

അടുത്ത വർഷത്തിലെ മുഖ്യമായ ലക്ഷ്യ സ്വരൂപത്തിന്റെ സ്മൃതി ഇതായിരിക്കണം – ഈ മൂന്നു വാക്കുകൾ, നിരാകാരി, നിരഹങ്കാരി, നിർവ്വികാരി. അംശം പോലും പാടില്ല. വലിയ–വലിയ രൂപങ്ങൾ ശരിയായി, എന്നാൽ അംശം പോലും പാടില്ല. എന്തുകൊണ്ടെന്നാൽ അംശം പോലും നമ്മെ ചതിക്കുന്നു. ഫോളോ ഫാദർ എന്നതിന്റെ അർത്ഥം തന്നെ ഇതാണ്, ഈ മൂന്നു വാക്കുകളെയും സദാ സ്മൃതിയിൽ വെക്കുക. ശരിയല്ലേ. ഡബിൾ വിദേശികൾ എഴുന്നേൽക്കൂ – നല്ല ഗ്രൂപ്പാണ് വന്നിരിക്കുന്നത്. ബാപ്ദാദയ്ക്ക് ഡബിൾ വിദേശികളുടെ ഒരു കാര്യത്തിൽ സന്തോഷമാണ്. ഏതാണെന്ന് അറിയാമോ? നോക്കൂ, എത്ര ദൂരദേശത്തു നിന്നാണ് വരുന്നത്. ഈ ടേണിൽ വരണമെന്നുള്ള നിർദ്ദേശം ലഭിച്ചപ്പോൾ തന്നെ എത്തിച്ചേർന്നല്ലോ. എങ്ങനെയുള്ള പുരുഷാർത്ഥം ചെയ്തിട്ടാണെങ്കിലും വലിയ ഗ്രൂപ്പ് തന്നെ എത്തിയിട്ടുണ്ട്. ദാദിജിയുടെ നിർദ്ദേശം കൃത്യമായി പാലിച്ചല്ലോ. അതിനായി ആശംസകൾ. ബാപ്ദാദ ഓരോരുത്തരെ കാണുകയാണ്, ദൃഷ്ടി നൽകുകയാണ്. അല്ലാതെ വേദിയിൽ മാത്രമല്ല ദൃഷ്ടി നൽകുക. ദൂരെ നിന്നും ഒന്നു കൂടി നല്ലതായി

കാണുന്നു. ഡബിൾ വിദേശികൾ ഹാംജി എന്ന പാഠം പക്കാ ആക്കിയിട്ടുണ്ട്. ബാപ്ദാദയ്ക്ക് ഡബിൾ വിദേശി കുട്ടികളുടെമേൽ സ്നേഹം തീർച്ചയായുമുണ്ട്, അതിനോടൊപ്പം തന്നെ അഭിമാനവുമുണ്ട്. എന്തുകൊണ്ടെന്നാൽ വിശ്വത്തിലെ കോണുകോണുകളിൽ സന്ദേശമെത്തിക്കുന്നതിനായി ഡബിൾ വിദേശികൾ തന്നെയാണ് നിമിത്തമാകുന്നത്. വിദേശത്തിൽ ഇപ്പോഴും ഏതെങ്കിലും വിശേഷ സ്ഥാനം അവശേഷിച്ചിട്ടുണ്ടോ? ഏതെങ്കിലും ഗ്രാമ പ്രദേശമോ അഥവാ വിശേഷ സ്ഥാനമോ അവശേഷിച്ചിട്ടുണ്ടോ? ഗ്രാമത്തിലെ ഏതെങ്കിലും ചെറിയ സ്ഥാനമോ, വിശേഷ സ്ഥാനമോ അവശേഷിച്ചിട്ടുണ്ടോ? ഏതൊരു സ്ഥാനമാണ് ബാക്കിയുള്ളത്? (പശ്ചിമേഷ്യൻ പ്രദേശങ്ങൾ കുറച്ച് അവശേഷിച്ചിട്ടുണ്ട്) എന്നാലും ഇപ്പോൾ വന്നിരിക്കുന്ന ഈ ഗ്രൂപ്പ് എത്ര ദേശങ്ങളുടെ ഗ്രൂപ്പാണ്? ബാപ്ദാദയ്ക്കറിയാം വിശ്വത്തിലെ അനേക ഭിന്ന-ഭിന്ന ദേശങ്ങളിൽ താങ്കൾ ആത്മാക്കൾ നിമിത്തമായിട്ടുണ്ട്. ബാപ്ദാദ എപ്പോഴും പറയുമായിരുന്നു, വിശ്വ മംഗളകാരി എന്ന ബാബയുടെ മഹിമ, വിദേശികൾ നിമിത്തമാണ് പ്രത്യക്ഷമാകുന്നത്. നല്ലതാണ്. ഓരോരുത്തരും അവരവരുടെ സ്ഥാനങ്ങളിൽ സ്വയം അവനവന്റെ പുരുഷാർത്ഥത്തിലും സേവനത്തിലും മുന്നേറുന്നുണ്ട്. സദാ ഇനിയും മുന്നേറിക്കൊണ്ടിരിക്കുന്നു. സഫലതയുടെ നക്ഷത്രങ്ങൾ തന്നെയാണ്. വളരെ നല്ലത്.

കുമാരന്മാരോട് - മധുബനിലുള്ള കുമാരന്മാരുമുണ്ടല്ലോ. കുമാരന്മാരുടെ സംഖ്യ നോക്കൂ എത്രയാണെന്ന്. പകുതി ക്ലാസ്സ് കുമാരന്മാരുടെതാണ്. കുമാരന്മാർ ഇപ്പോൾ സാധാരണ കുമാരന്മാരല്ല. എങ്ങനെയുള്ള കുമാരനാണ്? ബ്രഹ്മാകുമാരൻ തന്നെയാണ്. എന്നാൽ ബ്രഹ്മാകുമാരന്റെ വിശേഷത എന്താണ്? കുമാരന്മാരുടെ വിശേഷതയാണ്, സദാ എവിടെയെല്ലാമാണോ അശാന്തിയുള്ളത്, അവിടെയെല്ലാം ശാന്തി വ്യാപിപ്പിക്കുന്ന ശാന്തി ദൂതന്മാരാണ്. മനസ്സിന്റെ അശാന്തിയുമില്ല, പുറമെയുള്ള അശാന്തിയുമില്ല. കുമാരന്മാരുടെ ജോലി തന്നെ കഠിനാദ്ധ്വാനം ചെയ്യുക എന്നാണ്, ഹാർഡ് വർക്കർ. അപ്പോൾ ഇന്നത്തെക്കാലത്ത് ഏറ്റവും കഠിനമായ കാര്യമാണ്, അശാന്തി ഇല്ലാതാക്കി, ശാന്തിദൂതരായി ശാന്തി വ്യാപിക്കുക എന്നത്. അങ്ങനെയുള്ള കുമാരനല്ലേ. അശാന്തിയുടെ പേരോ അടയാളമോ ഉണ്ടാകരുത് - വിശ്വത്തിലും, താങ്കളുടെ സംബന്ധ സമ്പർക്കത്തിലും അശാന്തി പാടില്ല. അങ്ങനെയുള്ള ശാന്തി ദൂതരല്ലേ... എങ്ങനെയാണോ അഗ്നി ശമന സൈന്യം എവിടെ അഗ്നി ബാധിച്ചാലും അണയ്ക്കുന്നത്. അപ്പോൾ ശാന്തിദൂതരുടെ കർത്തവ്യം ഇതാണ്, അശാന്തിയെ ശാന്തിയിലേക്ക് പരിവർത്തനപ്പെടുത്തുക എന്നുള്ളത്. അപ്പോൾ ശാന്തിദൂതരല്ലേ? പക്കാ? പക്കാ? പക്കാ? വളരെ നല്ലതായി തോന്നുന്നു. ബാപ്ദാദ ഇത്രയ്ക്കും കുമാരന്മരെ കണ്ട് സന്തോഷിക്കുന്നു. ആദ്യം ന്നെ ബാപ്ദാദ പ്ലാനുകൾ നൽകിയിരുന്നു, ദില്ലിയിൽ ഏറ്റവും കൂടുതൽ കുമാരന്മാരുണ്ട്. ഗവൺമെന്റ് മനസ്സിലാക്കുന്നത്, കുമാർ അർത്ഥ യുവാക്കൾ കലഹം സൃഷ്ടിക്കുന്നവരാണ്. പലരും കുമാരന്മാരെ പേടിക്കുന്നു. യുവാക്കളെ കണ്ട് പരിഭ്രമിക്കുന്ന ഗവൺമെന്റ്, ഓരോ ബ്രഹ്മാകുമാരനെയും ശാന്തി ദൂതനെന്ന മഹിമയോടെ സ്വാഗതം ചെയ്യണം. അപ്പോൾ പറയാം കുമാരന്മാർ അത്ഭുതം കാണിച്ചു എന്ന്. ബ്രഹ്മാകുമാരന്മാർ ശാന്തിദൂതരാണെന്ന കാര്യം മുഴുവൻ വിശ്വത്തിലും പ്രസരിക്കണം. ഇങ്ങനെ സാധിക്കുമല്ലോ? ദില്ലിയിൽ ചെയ്യണം. ചെയ്യണ്ടേ, അതോ ദാദിമാർ ചെയ്യുമോ? ഒറ്റ ഗ്രൂപ്പിൽ തന്നെ ഇത്രയും കുമാരന്മാരുണ്ടെങ്കിൽ എല്ലാ ഗ്രൂപ്പുകളിലും എത്രയുണ്ടാകും? വിശ്വത്തിൽ എത്രയുണ്ടാകും? (എകദേശം ഒരു ലക്ഷം) അപ്പോൾ കുമാരന്മാർ അത്ഭുതം കാണിക്കൂ) ഗവൺമെന്റിന് യുവാക്കളെ പ്രതിയുള്ള തെറ്റായ കാഴ്ചപ്പാടിനെ പരിവർത്തനപ്പെടുത്തൂ. പക്ഷേ മനസ്സിൽ പോലും അശാന്തി പാടില്ല. കൂടെയുള്ളവരോടും അശാന്തി കാണിക്കരുത്. തന്റെ സ്ഥാനത്തും അശാന്തി കാണിക്കരുത്. തന്റെ പട്ടണത്തിലും അശാന്തി പാടില്ല. കുമാരന്മാരുടെ മസ്തകത്തിൽ ഇനി ബോർഡ് വെക്കേണ്ട ആവശ്യമില്ല, മസ്തകത്തിൽ സ്വാഭാവികമായും എഴുതപ്പെട്ടതായി അനുഭവമാകണം, ഇവർ ശാന്തിദൂതരാണ്. ശരിയല്ലേ..

കുമാരിമാരോട് - കുമാരിമാരും ധാരാളമുണ്ട്. ഈ കുമാരിമാരുടെയെല്ലാം ലക്ഷ്യമെന്താണ്. ജോലി ചെയ്യണമോ അതോ വിശ്വ സേവനം ചെയ്യണമോ? ശിരസ്സിൽ കിരീടം അണിയുമോ അതോ കുട്ട വെക്കുമോ? എന്താണ് വെക്കേണ്ടത്? നോക്കൂ, എല്ലാ കുമാരിമാർക്കും ദയാമനസ്കരാകണം. വിശ്വത്തിലെ ആത്മാക്കളുടെ മംഗളമുണ്ടാകണം. കുമാരിമാരെ കുറിച്ചുള്ള മഹിമയാണ് വിശ്വത്തിന്റെ ഉദ്ധാരണം ചെയ്യണമെന്നുള്ളത്. അരക്കല്പം അർത്ഥം 21 കുലമായിത്തീരുന്നു. അപ്പോൾ അങ്ങനെയുള്ള കുമാരിമാരല്ലേ. ആരാണോ 21 കുലത്തിന്റെ ഉദ്ധാരണം ചെയ്യുക അവർ കൈയ്യുയർത്തൂ. ഒരു പരിവാരത്തിന്റെയല്ല, 21 പരിവാരത്തിന്റേത്. ചെയ്യുമോ? നോക്കൂ, താങ്കളുടെ പേര് നോട്ട് ചെയ്യുന്നുണ്ട്. പിന്നീട് നോക്കും, ദയാമനസ്കരാണോ അതോ എന്തെങ്കിലുമൊക്കെ കർമ്മക്കണക്കുകൾ അവശേഷിക്കുന്നുണ്ടോ എന്ന്? ഇപ്പോൾ സമയം സൂചന നൽകുകയാണ്, സമയത്തിനു മുമ്പു തന്നെ തയ്യാറാകൂ. സമയത്തെ നോക്കിക്കൊണ്ടിരിക്കുകയാണെങ്കിൽ സമയം കഴിഞ്ഞു പോകും. അതിനാൽ ലക്ഷ്യം വെക്കൂ, നമ്മളെല്ലാവരും വിശ്വമംഗളകാരിയും ദയാമനസ്കനുമായ ബാബയുടെ മക്കൾ ദയാമനസ്സുള്ളവരാണ്. ശരിയല്ലേ. ദയാമനസ്കരല്ലേ. ഇനി ഒന്നുകൂടി ദയാമനസ്കരാകണം. കുറച്ചു കൂടി

തീവ്രഗതിയിൽ ആയിത്തീരൂ. കുമാരിമാർക്ക് വളരെ സഹജമായി ബാബയുടെ സിംഹാസനം ലഭിക്കുന്നു. പുതുവർഷത്തിൽ എന്ത് അത്ഭുതം ചെയ്ത് കാണിക്കുമെന്ന് നോക്കാം.
മീഡിയയിലുള്ള 108 രത്നങ്ങൾ വന്നിട്ടുണ്ട് - നല്ലത്, മീഡിയയിലുള്ളവർ അത്ഭുതം ചെയ്ത് കാണിക്കൂ. ഇതിലൂടെ എല്ലാവരുടെയും ബുദ്ധിയിൽ ബാബയിൽ നിന്നും സമ്പത്ത് നേടണമെന്നുള്ളത് വരണം. മീഡിയയുടെ ജോലി തന്നെ ശബ്ദം വ്യാപിപ്പിക്കുക എന്നാണ്. ബാബയിൽ നിന്നും സമ്പത്തെടുക്കണം എന്ന ശബ്ദം വ്യാപിപ്പിക്കൂ. ആരും തന്നെ വഞ്ചിതരാകരുത്. ഇപ്പോൾ വിദേശത്തും മീഡിയയുടെ പരിപാടി നടന്നുകൊണ്ടിരിക്കുന്നുണ്ടല്ലോ. നല്ലതാണ്. ഭിന്ന-ഭിന്ന രൂപത്തിലുള്ള പരിപാടികൾ വളരെ താൽപര്യമുണ്ടാക്കുന്നതാണ്. നല്ല രീതിയിൽ ചെയ്യുന്നുണ്ട്. ഇനിയും ചെയ്തുകൊണ്ടിരിക്കും, സഫലതയും ലഭിച്ചു കൊണ്ടിരിക്കും. എല്ലാ വിഭാഗത്തിൽ പെട്ടവരും എന്തെല്ലാം സേവനങ്ങളാണോ ചെയ്തുകൊണ്ടിരിക്കുന്നത്, ബാപ്ദാദയുടെ പക്കൽ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. ഓരോ വിഭാഗത്തിലുള്ളവർക്കും അവരവരുടെതായ സേവാ സാധങ്ങളും സേവനത്തിന്റെ രൂപരേഖയുമുണ്ട്. എന്നാൽ പല പല വിഭാഗത്തിലുള്ളവരായതിനാൽ എല്ലാവരും പരസ്പരം മത്സരിക്കുന്നുണ്ട്. മത്സരിച്ചോളൂ എന്നാൽ പരസ്പരം ദേഷ്യം പാടില്ല. ഓരോ വിഭാഗത്തിലുള്ളവരുടെയും റിസൾട്ട്, അവരുടെ സേവനത്തിനു ശേഷം ധാരാളം വി.ഐ.പി കൾ സമ്പർക്കത്തിലേക്ക് വന്നു. ഇതു വരെയും മൈക്കുകൾ തയ്യാറായിട്ടില്ല, എന്നാൽ സംബന്ധ-സമ്പർക്കത്തിലേക്ക് വന്നു. ശരി.
ബാപ്ദാദ പറഞ്ഞ ഡ്രിൽ ഓർമ്മയുണ്ടോ? ഇപ്പോൾ ഇപ്പോൾ നിരാകാരി, ഇപ്പോൾ തന്നെ ഫരിസ്ത. ഇതാണ് നടക്കുമ്പോഴും കറങ്ങുമ്പോഴും ചെയ്യേണ്ടതായ ബാബയോടും ദാദയോടുമുള്ള സ്നേഹത്തിന്റെ പകരം കൊടുക്കുക. ഇപ്പോൾ തന്നെ ഈ ആത്മീയ ഡ്രിൽ ചെയ്യണം. സെക്കന്റിൽ നിരാകാരി, സെക്കന്റിൽ ഫരിസ്ത. (ബാപ്ദാദ ഡ്രിൽ ചെയ്യിച്ചു) ശരി. മുഴുവൻ ദിവസത്തിലും നടക്കുമ്പോഴും കറങ്ങുമ്പോഴും ഈ ഡ്രിൽ ചെയ്യുകയാണെങ്കിൽ, ബാബയുടെ ഓർമ്മ സഹജമായിത്തീരുന്നു.
നാനാവശത്തുമുള്ള കുട്ടികളുടെ ഓർമ്മ എല്ലാ വശത്തു നിന്നും ബാപ്ദാദയ്ക്ക് എത്തിച്ചേർന്നു. ഓരോ കുട്ടിയും മനസ്സിലാക്കുന്നുണ്ട്, എന്റെ ഓർമ്മകൾ ബാപ്ദാദയ്ക്ക് നൽകണം. ചിലർ കത്തുകളിലൂടെ, ചിലർ കാർഡിലൂടെ, ചിലർ വാക്കുകളിലൂടെ എന്നാൽ ബാപ്ദാദ നാനാവശത്തുമുള്ള കുട്ടികൾ ഓരോരുത്തരെയും തന്റെ നയനങ്ങളിൽ ഉൾക്കൊള്ളിച്ചുകൊണ്ട്, ഓർമ്മയുടെ മടങ്ങ് കോടിമടങ്ങ് സ്നേഹസ്മരണകളായി നൽകുന്നു. ബാപ്ദാദ കാണുന്നു, ഇപ്പോൾ എത്ര സമയമായെങ്കിലും ഭൂരിപക്ഷം എല്ലാവരുടെയും മനസ്സിൽ മധുബനും മധുബന്റെ ബാപ്ദാദയുമാണ്. ശരി.
നാനാവശത്തുമുള്ള മൂന്നു സിംഹാസനത്തിന്റെയും അധികാരികളായ സ്വരാജ്യ അധികാരികുട്ടികൾക്ക്, സദാ ബാപ്ദാദയ്ക്ക് റിട്ടേൺ നൽകി ബാബയ്ക്ക് സമാനമാകുന്ന കുട്ടികൾക്ക്, സദാ മടക്കയാത്രയുടെ സ്മൃതിസ്വരൂപരായ കുട്ടികൾക്ക്, സദാ സങ്കല്പത്തിൽ, വാക്കിൽ കർമ്മത്തിൽ അച്ഛനെ അനുകരിക്കുന്ന ഓരോ കുട്ടികൾക്കും, ബാപ്ദാദയുടെ വളരെയധികം സ്നേഹ സ്മരണയും നമസ്കാരവും.

## വരദാനം - സർവ്വാത്മാക്കളിലും തന്റെ ശുഭഭാവനയുടെ ബീജം വിതയ്ക്കുന്ന മാസ്റ്റർ ദാതാവായി ഭവിയ്ക്കട്ടെ

ഫലത്തെ പ്രതീക്ഷിക്കാതെ താങ്കൾ തന്റെ ശുഭഭാവനയുടെ ബീജം ഓരോ ആത്മാക്കളിലും വിതയ്ക്കൂ. സമയത്തിന് സർവ്വാത്മാക്കൾക്കും ഉണരുക തന്നെ വേണം. ആരെങ്കിലും എതിർക്കുകയാണെങ്കിൽ പോലും താങ്കൾക്ക് തന്റെ ദയാ ഭാവന കൈവെടിയരുത്. ഈ എതിർപ്പും, ആക്ഷേപങ്ങളുമെല്ലാം വളത്തിന്റെ ജോലി ചെയ്യുന്നു. ഇതിലൂടെ നല്ല ഫലം ഉത്ഭവിക്കുന്നു. എത്രത്തോളം ആക്ഷേപിക്കുന്നുവോ അത്രയും ഗുണഗാനം പാടുന്നു. അതിനാൽ ഓരോ ആത്മാവിനും തന്റെ വൃത്തിയിലൂടെ വൈബ്രേഷനിലൂടെ, വാണിയിലൂടെ മാസ്റ്റർ ദാതാവായി നൽകിക്കൊണ്ടിരിക്കൂ.

## സ്ലോഗൻ - സദാ പ്രേമം, സുഖം, ശാന്തി ആനന്ദത്തിന്റെ സാഗരത്തിൽ മുഴുകുന്ന കുട്ടികൾ തന്നെയാണ് സത്യമായ തപസ്വികൾ.

**സൂചന -** ഇന്ന് മാസത്തെ മൂന്നാമത്തെ ഞായറാഴ്ച അന്താരാഷ്ട്ര യോഗത്തിന്റെ ദിവസമാണ്. എല്ലാ ബ്രഹ്മാ വത്സരും സംഘടിത രൂപത്തിൽ വൈകുന്നേരം 6:30 മുതൽ 7:30 വരെ വിശേഷിച്ചും വരദാതാവ് ഭാഗ്യവിധാതാവായ ബാപ്ദാദയോടൊപ്പം കമ്പയിന്റ് സ്വരൂപത്തിൽ സ്ഥിതി ചെയ്ത്, അവ്യക്ത വതനത്തിൽ നിന്ന് സർവ്വാത്മാക്കൾക്കും സുഖ-ശാന്തിയുടെ വരദാനം നൽകുന്ന സേവനം ചെയ്യണം.